**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1600** **31-08-2022 - ൽ മറുപടിയ്ക്ക്**

**കുരുമുളക് കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനിയന്ത്രിതമായ കുരുമുളക് ഇറക്കുമതി കേരളത്തിലെ കൃഷിക്കാർക്ക് വെല്ലുവിളി ഉയർത്തുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അതിതീവ്ര മഴ മൂലം കുരുമുളക് കർഷകർക്ക് സാധാരണ ലഭിക്കുന്ന വിളവ് ലഭിക്കുന്നില്ലായെന്നതും രോഗങ്ങൾ മൂലം ലഭിച്ചവയുടെ തൂക്കത്തിലും അളവിലും പ്രതീക്ഷിക്കാത്ത കുറവുണ്ടായിയെന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇക്കാരണത്താൽ പരമ്പരാഗതമായി കുരുമുളക് കൃഷി ചെയ്തുവന്ന കർഷക കുടുംബങ്ങൾ മറ്റു കൃഷികളിലേക്കും തൊഴിലുകളിലേക്കും തിരിയുന്ന സ്ഥിതി ഏറുകയാണ് എന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് ആശ്വാസമേകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കുരുമുളക് കർഷകർക്ക് ആശ്വാസമേകുന്നതിനായി സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷം സുഗന്ധവ്യഞ്ജന വിള വികസന പദ്ധതിക്ക് 360 ലക്ഷം രൂപയും, ഈ പദ്ധതിയുടെ പ്രധാന ഘടകമായ കുരുമുളക് കൃഷിയുടെ വിസ്തൃതി വ്യാപനത്തിനും വികസനത്തിനും 200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 500 ഹെക്ടറിൽ അത്യുല്പാദനശേഷിയുള്ള കുരുമുളകിനങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് 100 ലക്ഷം രൂപയും, 1000 ഹെക്ടറിൽ സെക്കന്ററി മൂലകങ്ങളും, സൂക്ഷ്മ മൂലകങ്ങളും വിതരണം ചെയ്യുന്നതിന് 5 ലക്ഷം രൂപയും, 1200 ഹെക്ടറിൽ കുമ്മായ വസ്തുക്കൾ,ജിപ്സം മുതലായവ ചേർക്കുന്നതിന് 64.80 ലക്ഷം രൂപയും, 302 ഹെക്ടർ കുരുമുളക് തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് 30.2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുരുമുളകിന്റെ 30 വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് 9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം കുരുമുളക് കൃഷിയ്ക്ക് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കുരുമുളക് വള്ളിയൊന്നിന് 200/- രൂപ നിരക്കിലും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം കുരുമുളക് വള്ളിയൊന്നിന് 150/- രൂപ നിരക്കിലും നഷ്ടപരിഹാരം അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ